**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6560** **20-03-2023 - ൽ മറുപടിയ്ക്ക്**

**കല്ലറ പഞ്ചായത്തിൽ ആധുനിക ഫിഷ് മാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം നിർമ്മിക്കുന്ന ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനിക ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിനായി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സാങ്കേതികാനുമതി നൽകി കിഫ്ബി നിഷ്കർഷിക്കുന്ന രേഖകൾ സമർപ്പിച്ച് അവയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ് |
| (ബി) | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എത്ര തുകയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 439.3226 ലക്ഷം രൂപയാണ് പ്രസ്തുത മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ